# സമുദ്ര മത്സ്യഗവേഷണം - ഒരു ലഘു വിവരണം.



## മോത :- *റാക്കിസെൻട്രോൺ കനാഡം.*

- പൊതുനാമം - കറുത്ത രാജ മത്സ്യം
- മോത പ്രജനനം ഭാരതത്തിൽ ആദ്യമായി വിജയകരമായി സി.എം.എഫ്.ആർ.ഐ. പ്രാവർത്തികമാക്കി.
- മേൻമകൾ: വലുപ്പം, ധ്രുത വളർച്ച, മാംസ സമ്പുഷ്ടത, ഉയർന്ന വാണിജ്യ സാദ്ധ്യത, വർദ്ധിത മൂല്യം
- 2007-ൽ പിടിച്ച മോത മത്സ്യം - 10,484 ൦ (ആഗോളതലത്തിൽ)
- പിടിച്ച കണക്ക് - 4,486 ൦ (ഭാരതം)
- വിതരണം:- പാക്കിസ്ഥാൻ, ഫിലിപ്പൈയിൻസ്, മലേഷ്യ, ഇറാൻ
- വലകൾ:- ഒഴുക്കുചികളവല, ചൂ, ട്രോൾ വലകളിൽ ലഭിക്കുന്ന മത്സ്യ ഉപഉൽപന്നം
- വലിപ്പം:- 37 സെ.മീ - 170 സെ.മീ വരെ ഫോർക്ക് നീളം
- ഉയർന്ന ലഭ്യത:- ആഗസ്റ്റ് - സെപ്റ്റംബർ മാസം (ഭാരതത്തിന്റെ തെക്കു പടിഞ്ഞാറൻ തീരം)
- മീൻകുഞ്ഞുങ്ങളുടെ ലഭ്യത:- ജൂലൈ - ആഗസ്റ്റ്, നവംബർ,ജനുവരി മാസങ്ങൾ
- ജീവശാസ്ത്രം:- ഉയർന്ന പ്രത്യുല്പാദന ശേഷി, ധ്രുത വളർച്ച കൂടുതലുള്ള മുട്ടകളുടെ അനുപാതം അനുസരിച്ചാണ് മുട്ടവരിയാനുള്ള സാധ്യത ആഹാരത്തിൽ മുഖ്യമായും, ഞണ്ട്, കൊഴുവ, ചിപ്പിവർഗ്ഗങ്ങൾ, ബാലിസ്റ്റിക് മത്സ്യം, ചിറകുള്ള മത്സ്യങ്ങൾ എന്നിവയാണ്.

## ഭാരതത്തിലെ വാണിജ്യ പ്രാധാന്യമുള്ള കക്ക വർഗ്ഗങ്ങൾ

| Resource | Name |
|---|---|
| **Clams** | |
| *Villorita cyprinoides* | Black clam |
| *Paphia malabarica* | Short neck clam |
| *Paphia sp.* | Textile clam |
| *Meretrix casta* | Yellow clam |
| *Meretrix meretrix* | |
| *Mercia opima* | Baby clam |
| *Sunetta scripta* | Marine clam |
| *Donax sp.* | Surf clam |
| *Gelonia bengalensis* | Big black clam |
| *Tridacna sp.,Hippoppus hippoppus* | Gaint clam |
| **Cockles** | |
| *Anadara granosa* | Blood clam |
| **Mussels** | |
| *Perna viridis* | Green mussel |
| *Perna indica* | Brown mussel |
| **Edible oysters** | |
| *Crassostrea madrasensis* | Indian back water oyster |
| *Saccostrea cuculata* | Rock oyster |
| **Pearl oysters / Pearl producing Mussel** | |
| *Pinctada fucata* | Indian pearl oyster |
| *Pinctada margaritifera* | Black lip pearl oyster |
| *Placenta placenta* | Window pane oyster |

Pictures
(not in scale)






## ലക്ഷദ്വീപ് കടലിലെ ചൂരകൾ

- കയറ്റുമതി വിപണിയിൽ ഉയർന്ന വിലയുള്ള കടൽ ചൂരകൾ യെല്ലോഫിൻ ട്യൂണയും, സ്ക്കിപ്ജാക്ക് ട്യൂണയും ആണ്.
- ഭാരതത്തിലെ സാമ്പത്തിക പരമാധികാര മേഖലയിലെ കടൽ ചൂര വിഭവശേഖരണം 2.13 ലക്ഷം ടൺ ആണെങ്കിലും അവയുടെ 10% മാത്രമാണ് ചൂഷണം ചെയ്യപ്പെടുന്നത്. ഇവ അധികവും പിടിയ്ക്കപ്പെടുന്നത് ലക്ഷദ്വീപിൽ നിന്നും ആൻഡമാനിൽ നിന്നും ആണ്.
- ലക്ഷദ്വീപിൽ പിടിയ്ക്കപ്പെടുന്ന ചൂരയിൽ 96% സ്ക്കിപ്പ് ജാക്ക് ട്യൂണയും ബാക്കി യെല്ലോഫിൻ വർഗ്ഗത്തിൽ പെട്ടവയുമാണ്.
- സൈറ്റോക്രോം ജീൻ എം.ടി. ഡി.എൻ.എ. ഉപയോഗിച്ചുള്ള ജനിതക ശേഖരണ നിർണ്ണയത്തിലൂടെ വാണിജ്യ പ്രാധാന്യ ചൂരയുടെ വിഭവശേഖരണത്തിന്റെയും, സങ്കരയിന ശേഖരണത്തിന്റെയും മാതൃകകൾ പഠിക്കുന്നതിന് സാധിച്ചു.



## ആഴക്കടൽ സ്രാവുകൾ

- ഭാരതീയ സമുദ്ര മേഖലയിൽ 150ൽപരം വിലയേറിയ ഇനങ്ങളുണ്ട്. 2012 ലെ കണക്കനുസരിച്ച് പിടിയ്ക്കപ്പെട്ട സ്രാവുകൾ 22530 ടൺ ആണ്. ഇൻഡോനേഷ്യ കഴിഞ്ഞാൽ രണ്ടാം സ്ഥാനം ഇൻഡ്യക്കാണ്, 1980 ന്റെ മദ്ധ്യം വരെ മത്സ്യ ഉല്പന്ന ഇനത്തിൽ തരുണാസ്ഥിവർഗ്ഗത്തിൽ പെട്ട ഇവ മാത്രമാണ് ഉയർന്ന വില നിലനിർത്തിയത്.
- തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നും സ്രാവിന്റെ ചിറകുകൾക്കുണ്ടായ ആവശ്യവും ആഭ്യന്തര വിപണിയിലുായ (പച്ചമീൻ/ഉപ്പിലിട്ടത്/ഉണക്കമീൻ) കുതിപ്പും ഭാരതത്തിൽ സ്രാവിന്റെ വമ്പിച്ച വേട്ടയ്ക്ക് കാരണമായി.

## ഭാരതത്തിലെ പാറക്കൊഞ്ച് വിഭവശേഖരണം

- 2000-2009 കാലയളവിൽ ചൂഷണം ചെയ്യപ്പെട്ട പാറക്കൊഞ്ചുകളുടെ വാർഷിക ശരാശരി : 1589 ടൺ ഇതിൽ വടക്കുപടിഞ്ഞാറൻ മേഖലയിൽ നിന്നും 45%, തെക്കുപടിഞ്ഞാറൻ മേഖലയിൽനിന്നും 33%, തെക്കുകിഴക്കൻ മേഖലയിൽ നിന്നും 19% ആകുന്നു.
- വടക്കുപടിഞ്ഞാറൻ കടലിൽ കണ്ടുവരുന്ന രണ്ട് പ്രധാനപ്പെട്ട ഇനങ്ങളാണ്. *പാനിലൂറസ് ഫോളിഫാഗസ്, തീനസ് ഓറിയന്റ്ലിസ്* എന്നിവ.
- *പാനിലൂറസ് ഹൊമാറസ്, പാനിലൂറസ് ഹൊറനാറ്റസ്* ഇവയെ കൂടാതെ ആഴക്കടൽ പാറക്കൊഞ്ചായ *പ്യൂർലസ് സെവലി*യുമാണ് തെക്കൻകടലിലെ പ്രധാന ഇനങ്ങൾ.
- ഗുജറാത്ത്, തമിഴ്നാട്, മഹാരാഷ്ട്ര എന്നീ തീരദേശസംസ്ഥാനങ്ങളിലെ പാറക്കൊഞ്ച് തൊഴിലാളികളും, കയറ്റുമതിക്കാരും ചേർന്ന് സഹകരണാടിസ്ഥാനത്തിൽ ഒരു കാര്യനിർവ്വഹണ സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നു.



*Panulirus homarus*

*Panulirus polyphagus*

## ഭാരതത്തിലെ ഞണ്ട് വിഭവ ശേഖരം

- ഭക്ഷ്യയോഗ്യമായ ഞണ്ടുകളുടെ കഴിഞ്ഞ ദശകത്തിലെ (2000-2009) : 29,000 ടൺ - 55,000 ടൺ ഇടയിലായിരുന്നു. ശരാശരി (2000 - 2009) കാലയളവിൽ 42,918 ടൺ ആയിരുന്നു. ഇവയിൽ ഏറിയ പങ്കും ട്രോൾനെറ്റിലും, ഗിൽനെറ്റിലും പിടിയ്ക്കപ്പെടുന്ന *പോർച്യൂണസ് സജിനോലേറ്റസ്, പോർച്ചൂണസ് പെലാജിക്കസ്, ചാരിബിഡിസ് ഫെറിയേറ്റസ്* എന്നിവയാണ്.

ഇതിൽ സംസ്ഥാനാടിസ്ഥാനത്തിൽ ചൂഷണം ചെയ്യപ്പെട്ടവ താഴെ കൊടുക്കുന്നു.

- ഗുജറാത്ത് - 31%
- തമിഴ്നാട് - 29%
- ആന്ധ്രാപ്രദേശ് - 12%
- കേരളം - 10%
- *പി.പെലാജിക്കസ്സ്* എന്ന് ശാസ്ത്രീയ നാമമുള്ള ബ്ലൂ സ്വിമ്മിംഗ് ക്രാബാണ് ഏറ്റവും അധികം കയറ്റുമതി മൂല്യമുള്ള ഇനം.
- നിലവിലുള്ള വിഭവ സമാഹരണ സ്ഥിതിയിൽ അമിത ചൂഷണമോ, പെട്ടെന്നുള്ള കുറവോ അനുഭവപ്പെട്ടതായി വിഭവചൂഷണ നിരീക്ഷണത്തിൽ കിട്ടില്ല.


തയ്യാറാക്കിയത് : വിപിൻകുമാർ വി.പി. മൊഹമ്മദ് കെ.എസ്, രാധാകൃഷ്ണൻ ഇ.വി., ഗംഗ യു. ശാലിനി കെ.പി., പുഷ്കരൻ കെ.എൻ, അഭിലാഷ്പി.ആർ. (2012)